**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168** | **12-12-2022 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ .പി. കെ. ബഷീർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മുപ്പത്തി അഞ്ച് ശതമാനത്തിലേറെ പേർക്ക് ജീവിതശൈലീ രോഗമായ പ്രമേഹം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും സംയുക്തമായി നടത്തിയ INDIAB എന്ന പഠനത്തിൽ കേരളത്തിൽ 24% പേർക്ക് പ്രമേഹമുള്ളതായും 19% പേർക്ക് പ്രമേഹ രോഗ സാധ്യത ഉള്ളതായും കണ്ടെത്തിയിട്ടുണ്ട്. ഏറ്റവും സമഗ്രമായ ഡേറ്റ നവകേരള കർമ്മപദ്ധതി 2 ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ നടത്തുന്ന ജീവിതശൈലി രോഗ സ്ക്രീനിംഗിലൂടെ ലഭ്യമാകുന്നതാണ്.** |
| (ബി) | പ്രമേഹം തുടക്കത്തിലെ കണ്ടെത്തുന്നതിനും പ്രമേഹത്തെ തുടർന്നുണ്ടാകുന്ന സങ്കീർണ്ണ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഏതെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | പ്രമേഹം തുടക്കത്തിലേ കണ്ടെത്തുന്നതിനും പ്രമേഹത്തെ തുടർന്നുണ്ടാകുന്ന സങ്കീർണ്ണരോഗങ്ങൾ നിയന്ത്രിക്കുന്നതിനും ആരോഗ്യ വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം എറണാകുളം ജനറൽ ആശുപത്രിയിലെ പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പാക്കിയ 360 ഡിഗ്രി മെറ്റബോളിക് സെന്റർ ആണ്. ഒരു കുടക്കീഴിൽത്തന്നെ പ്രമേഹവും അതിന്റെ സങ്കീർണ രോഗങ്ങളായ നേത്രാന്തര പടല അന്ധത, വൃക്കരോഗങ്ങൾ, ഡയബറ്റിക് ഫൂട്ട്, ശ്വാസകോശ പ്രവർത്തന ക്ഷമത എന്നിവ കൂടി പരിശോധിക്കുന്നതിനുള്ള സംവിധാനം ഈ ക്ലിനിക്കിൽ ഒരുക്കിയിട്ടുണ്ട്. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും 360 ഡിഗ്രി മെറ്റബോളിക് സെന്റർ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സബ് സെന്ററുകളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിലൂടെ പ്രമേഹം തുടക്കത്തിലെ കണ്ടെത്തുകയും ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രമേഹ രോഗത്തിന്റെ സങ്കീർണ്ണതകൾ മുൻകൂട്ടി** |

**കണ്ടെത്തി നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിലെ വിവിധ വകുപ്പുകളിലും നടപ്പിലാക്കിവരുന്നു.. മെഡിക്കൽ കോളേജ് ആശുപത്രികളുടെ അനുബന്ധ സ്ഥാപനങ്ങളായ യു.എച്ച്.റ്റി.സി, ആർ.എച്ച്,റ്റി.സി എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗ ക്ലിനിക്ക് വഴി പരിശോധന നടത്തുകയും മരുന്നുകൾ, ഇൻസുലിൻ എന്നിവ സൗജന്യമായി നൽകുകയും ഉപകേന്ദ്രങ്ങൾ വഴി ബോധവത്കരണം നടത്തുകയും ചെയ്തു വരുന്നു. ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ജീവിത ശൈലി ക്യാമ്പുകൾ നടത്തി പരിശോധനയും ബോധവൽക്കരണവും നടത്തുന്നു. എല്ലാ മാസവും തെരഞ്ഞെടുക്കുന്ന ഗവൺമെൻറ്/ പ്രൈവറ്റ് സ്ഥാപനങ്ങളിൽ രോഗ നിർണ്ണയം നടത്തുന്നു. കൂടാതെ ആശുപത്രിയിൽ വരുന്ന രോഗികളിൽ 30 വയസ്സിന് മുകളിലുള്ളവർക്ക് സൗജന്യമായി പ്രമേഹം കണ്ടുപിടിക്കാനുള്ള രക്തപരിശോധനയും, ദേഹപരിശോധനയും നടത്തുന്നു. ഇതിൽ പ്രമേഹം കണ്ടെത്തുന്നവരെ ജീവിത ശൈലി രോഗ ക്ലിനിക്ക് വഴി ചികിത്സിക്കുകയും, ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. ടൈപ്പ് 1 പ്രമേഹരോഗമുള്ള കുട്ടികൾക്കായി 'മിഠായി' പദ്ധതി വഴി ചികിത്സ നൽകുന്നു. ആയതിൽ കുഞ്ഞുങ്ങളുടെ രക്തപരിശോധന നടത്തുകയും ആവശ്യാനുസരണം ഇൻസുലിൻ നൽകുകയും ചെയ്യുന്നു. കൂടാതെ ഇൻസുലിൻ പെൻ, ഷുഗർ ലെവൽ മോണിറ്റർ ചെയ്യുന്നതിന് ഗ്ലൂക്കോമീറ്റർ, തുടർച്ചയായ ഷുഗർ പരിശോധനാ സംവിധാനങ്ങൾ എന്നിവ കുഞ്ഞുങ്ങൾക്ക് നൽകുന്നു.**

എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്ന ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' പദ്ധതിയുടെ ഭാഗമായി 30 വയസിനുമുകളിൽ പ്രായമായവരെ പരിശോധിക്കുന്നതിനും രോഗം സ്ഥിരീകരിച്ചാൽ ചികിത്സ ഉറപ്പാക്കുന്നതിനും സൗജന്യ മരുന്ന് വിതരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**ജനസംഖ്യാധിഷ്ഠിതമായി ജീവിതശൈലി രോഗമുള്ളവരെ കണ്ടെത്തുന്നതിന് ആശ പ്രവർത്തകർ മുഖേന ഗൃഹസന്ദർശനം നടത്തി ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇ ഹെൽത്ത് തയാറാക്കിയ 'ശൈലി' എന്ന അപ്ലിക്കേഷനിലൂടെ**

| | | | |
|---|---|---|---|
| | | | **രോഗമുള്ളവരെയും രോഗം വരാൻ സാധ്യത ഉള്ളവരെയും കണ്ടെത്തി രോഗ സ്ഥിരീകരണത്തിനു ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റെഫർ ചെയുന്നു. ഈ ക്യാമ്പയിന്റെ ഭാഗമായി 09.12.2022 വരെ സംസ്ഥാനത്ത് 50,59,952 പേരെ സ്ക്രീനിംഗിന് വിധേയമാക്കിയിട്ടുണ്ട്.**<br><br>**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് മാതൃകയിൽ എല്ലാ ജില്ലകളിലും ഡയബറ്റീസ് സെന്ററുകൾ തുടങ്ങുന്നതിന്റെ ഭാഗമായി പദ്ധതികൾ സർക്കാരിൽ ആവിഷ്കരിച്ചു വരുന്നു. കേരളത്തെ മൂന്നു സോണുകളാക്കി തിരിച്ച് ഓരോ സോണിലും പ്രമേഹ ചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനത്തിനുമുള്ള ട്രെയിനിംഗ് സെൻററുകൾ സ്ഥാപിക്കുകയും അത് ജില്ലയിലെ ഡയബറ്റീസ് സെൻററുകളുമായി ബന്ധിപ്പിച്ച്, എല്ലാ ജില്ലകളിലും പ്രമേഹ ചികിത്സയിലും പ്രതിരോധ പ്രവർത്തനങ്ങളിലും സജ്ജരായ ആരോഗ്യ പ്രവർത്തകരെ സൃഷ്ടിക്കാനുള്ള ലക്ഷ്യത്തോടെയാണ് പദ്ധതി രൂപകല്പന ചെയ്യുന്നത് .** |
| (സി) | ഡയബറ്റിക് ചികിത്സാ സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഡയബറ്റിക് ചികിത്സാ സൗകര്യങ്ങൾ സംസ്ഥാനത്ത് ഉടനീളം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 360 ഡിഗ്രി മെറ്റബോളിക് സെന്റർ എല്ലാ ആശുപത്രികളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇൻസുലിൻ ഉൾപ്പെടെയുള്ള പ്രമേഹ രോഗ മരുന്നുകൾ മുടക്കം കൂടാതെ എല്ലാ ചികിത്സ കേന്ദ്രങ്ങളിലും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജനസംഖ്യാധിഷ്ഠിതമായി കൂടുതൽ ജനങ്ങളിൽ സമഗ്രമായ ആരോഗ്യ വിവര ശേഖരണം നടത്തുന്നതിന് 'ശൈലി' അപ്ലിക്കേഷൻ വഴിയുള്ള ആശ പ്രവർത്തകരുടെ സർവ്വേ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വാർഷിക അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ